**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ, നന്തൻകോട്**
**കവടിയാർ പി.ഒ 695003**
**തിരുവനന്തപുരം.**
directorofpanchayatsestt@gmail.com
**0471-2786326 തീയതി : 04/04/2022**

**<u>നോട്ടീസ്</u>**

-

വിഷയം: – പഞ്ചായത്ത് വകുപ്പ്: ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ഷൈന കെ.എ. എന്നവരെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന്- സംബന്ധിച്ച്.

സൂചന:-

1. 23.05.2018 തീയതിയിലെ ഇ 5-38675/17 നമ്പർ ഉത്തരവ്
2 തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഡിഡിപി-റ്റി.എസ്.ആർ / 4970/ 2020-ഇ 2 നമ്പർ കത്ത്.
3 06.11.2013 തീയതിയിലെ ഇ 4-4/2012 നമ്പർ ഉത്തരവ്
24.12.2014 തീയതിയിലെ ഇ 4-4/2014 നമ്പർ ഉത്തരവ്
പഞ്ചായത്ത് ഡയറക്ടറുടെ 16.01.2015 തീയതിയിലെ ഇ 4-04/2015(1) നമ്പർ ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനം ഗ്രാമ പഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ഷൈന കെ.എ. എന്നവർ പരാമർശം (1) പ്രകാരമുള്ള 23.05.2018 തീയതിയിലെ സീനിയർ ക്ലാർക്കുമാരുടെ സിനിയോരിറ്റി പട്ടികയിൽ ടിയാൻ ഉൾപ്പെട്ടിട്ടില്ലെന്നും , ആയതിനാൽ ടിയാളെ പ്രസ്തുത സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നുള്ള അപേക്ഷയും അനുബന്ധങ്ങളും പരാമർശം (2) പ്രകാരമുള്ള കത്തിനോടൊന്നിച്ച് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഈ ആഫീസിലേക്ക് ലഭ്യമാക്കിയിരുന്നു.

പരാമർശം (2) പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ ടെസ്റ്റ് യോഗ്യത നേടാത്ത ക്ലാർക്കുമാർക്ക് താത്കാലിക സ്ഥാനക്കയറ്റം നൽകി പരാമർശം(3) പ്രകാരം ഉത്തരവായിരുന്നതിൽ ശ്രീമതി ഷൈന കെ.എ. എന്നവർക്ക് ടി ഉത്തരവിലെ ക്രമ നമ്പർ 296 പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്നു. ടിയാൾ ജൂലൈ 2014 തീയതിയിൽ വകുപ്പുതല പരീക്ഷ പാസായിരുന്നെങ്കിലും വകുപ്പുതല പരീക്ഷ പാസായതിൻറെ സർട്ടിഫിക്കറ്റ് ലഭിക്കാൻ വൈകിയതിനാൽ ടിയാളെ പരാമർശം (4) ഉത്തരവിൻറെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തി ഉത്തരവായിരുന്നതും ശേഷം പരാമർശം(4) പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ 16.01.2015 തീയതിയിലെ ഇ 4-04/2015(1) നമ്പർ ഉത്തരവ് അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ടെസ്റ്റ് യോഗ്യതയുടെ നേടിയ തീയതി പ്രാബല്യത്തിൽ ക്രമവത്കരിച്ച് കൊണ്ട്

ഉത്തരവായിട്ടുള്ളതുമാണ്.

മേൽ പരാമർശിച്ച ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്നും ടിയാൾ 23.05.2018 ലെ ഇ 5-38675/17 തീയതിയിലെ ഉത്തരവ് പ്രകാരം 01.01.2009 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച സീനിയോരിറ്റി പട്ടിക അന്തിമമാക്കിക്കൊണ്ടുള്ള ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി ഷൈന കെ.എ. ജൂലൈ 2014 തീയതിയിൽ വകുപ്പുതല പരീക്ഷ പാസായിട്ടുള്ളതിനാലും ടെസ്റ്റ് യോഗ്യത നേടിയ തീയതി പ്രാബല്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഉദ്യോഗകയറ്റം ക്രമവത്കരിച്ച് ഉത്തരവായതിനാലും ഫീഡർ കാററഗറിയിൽ സീനിയറായ ശ്രീ. മോനോ പി.എം.(2785) നുശേഷവും ജൂനിയർ ആയ ശ്രീമതി പ്രീത സി(2786) -ക്ക് മുമ്പിലായും ശ്രീമതി ഷൈന കെ.എ. -ക്ക് 2785(1) എന്ന ക്രമനമ്പരായി പരാമർശം (1) സീനിയോറ്റി പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ളതായി കാണുന്നു. അപ്രകാരം ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ള ജീവനക്കാർ ബന്ധപ്പെട്ട രേഖകൾ 15 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**H. DINESHAN IAS**
പഞ്ചായത്ത് ഡയറക്ടർ

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
2. സെക്രട്ടറി, പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ (തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
3. ശ്രീമതി. ഷൈന കെ.എ സീനിയർ ക്ലാർക്ക് പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ / അധികം

Signature Not Verified

Digitally signed by Dineshan H
Date: 2022.04.04 17:46:43 IST
Reason: Approved